പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 2609 | 14.12.2015- ൽ മറുപടി<br>നല്കേണ്ടത്. |

## ലഹരിവിമോചനത്തിനുള്ള ചികിത്സാകേന്ദ്രങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി** | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | മദ്യത്തിനും ലഹരിമരുന്നുകൾക്കും അടിമപ്പെട്ടവരെ മോചിപ്പിക്കുന്നതിന് എത്ര ചികിത്സാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ; | എ) | കൃത്യമായ കണക്കുകൾ ലഭ്യമല്ല. 21 സ്ഥാപനങ്ങൾ സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയിൽ ലൈസൻസിനായി അപേക്ഷിച്ചിട്ടുണ്ട്. ഇതിൽ 20 സ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ കേന്ദ്രങ്ങളിലും ലൈസൻസിനുള്ള പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത കേന്ദ്രങ്ങളിൽ അംഗീകാരമുള്ളവ ഏതെല്ലാമാണെന്ന് അറിയിക്കുമോ ; | ബി) | പരിശോധന പൂർത്തിയാക്കിയ 21 കേന്ദ്രങ്ങളിൽ 3 എണ്ണത്തിന് മാത്രമാണ് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിട്ടുള്ളത്. അംഗീകാരമുള്ള സ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്.<br>1. അഗാപ്പെ മെന്റൽ ഹെൽത്ത് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ചീന്തൽത്തടം, പത്തനംതിട്ട<br>2. ഡെയർ ഡീ അഡിക്ഷൻ സെന്റർ, പീരുമേട്, ഇടുക്കി<br>3. കെ. വി. എം. ഐ. ആർ. സി. എ, കെ . വി. എം, ട്രസ്റ്റ്, ചേർത്തല, ആലപ്പുഴ |
| സി) | അനധികൃതമായി എത്ര കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | സി) & ഡി) | പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഇത്തരം സ്ഥാപനങ്ങളുടെ കണക്കെടുക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഇത്തരം സ്ഥാപനങ്ങൾക്ക് എതിരെ നടപടി സ്വീകരിക്കുന്നതാണ്. |
| ഡി) | പ്രസ്തുത അനധികൃത കേന്ദ്രങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ